(ബി) ഇതിൽ 5 ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരും 3 ഐ.പി.എസ്. ഉദ്യോഗസ്ഥന്മാരും ഉണ്ട്.

(സി) ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ തിരിച്ചെടുത്തിട്ടുണ്ട്. മറ്റു ഗസറ്റഡ്, നോൺ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരില്ല.

(ഡി) ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥനേയും 8 ഗസറ്റഡ്, 28 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരേയും തിരിച്ചെടുത്തിട്ടുണ്ട്.

(ഇ) ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ ആരുമില്ല. 45 ഗസറ്റഡ് ഉദ്യോഗസ്ഥന്മാരും. 51 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരും ഉണ്ട്.

(എഫ്) ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ ആരും തന്നെയില്ല. 32 ഗസറ്റഡ് ഉദ്യോഗസ്ഥരും 36 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരും ഉണ്ട്.

(ജി) വിജിലൻസ് വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് സെക്രട്ടറി, വിജിലൻസ് ഡയറക്ടർ, വിജിലൻസ് അഡീഷണൽ സെക്രട്ടറി എന്നിവരുൾപ്പെട്ട റിവ്യൂ കമ്മിറ്റി 6 മാസത്തിൽ കൂടുതൽ സസ്പെൻഷനിൽ നിൽക്കുന്നവരുടെ കേസുകൾ റിവ്യൂ ചെയ്യാറുണ്ട്.

(എച്ച്) 16.8.99-ൽ.

(ഐ) സസ്പെൻഷനിലിരിക്കുന്നവരെ അവരുടെ പേരിൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ്സിന്റെ സുഗമമായ അന്വേഷണത്തെ പ്രതികൂലമായി ബാധിക്കുകയില്ലെന്ന് ബോദ്ധ്യമായാൽ മാത്രമേ അവരെ തിരിച്ചെടുക്കാറുള്ളൂ.

അനെർട്ടിലെ നിയമനം

16 (727) ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി അഹമ്മദ് അലി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിൽ അടുത്ത കാലത്ത് ഏതെല്ലാം തസ്തികകളിൽ എത്രപേരെ വീതം നിയമിച്ചു എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഏത് ഏജൻസി വഴിയാണ് നിയമനം നടത്തിയത്;

(സി) ഇത് സംബന്ധിച്ച അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രപരസ്യം നല്കിയിരുന്നോ;

(ഡി) നിയമനം ലഭിച്ചവരുടെ പേരുവിവരം വ്യക്തമാക്കുമോ;

(ഇ) എസ്.സി./എസ്.ടി. വിഭാഗത്തിൽനിന്നും എത്രപേരെ നിയമിച്ചു;

(എഫ്) ഒ.ബി.സി. വിഭാഗത്തിൽ നിന്നും എത്രപേരെ നിയമിച്ചു;

(ജി) നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ സംവരണതത്വം പാലിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനെർട്ടിൽ, ഡയറക്ടറുടെ തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) ശാസ്ത്ര-സാങ്കേതിക വകുപ്പുവഴിയാണ് നിയമനം നടത്തിയത്.

(സി) പത്ര പരസ്യം നല്കിയിരുന്നു.

(ഡി) സിഡ്കോയിലെ മാനേജിംഗ് ഡയറക്ടറായ ശ്രീ. കെ.എസ്. വിജയനെ അനെർട്ടിലെ ഡയറക്ടറായി നിയമിച്ചു.

(ഇ)-(എച്ച്) ബാധകമല്ല.

ജനകീയാസൂത്രണം സംബന്ധിച്ച വിജിലൻസ് അന്വേഷണം

17 (728)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണം സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളിലെ പരാതിയിൻമേൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ എത്ര കേസ്സുകളിൽ പോലീസ് വിജിലൻസ് അന്വേഷണം നടന്നുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ പഞ്ചായത്തുകളെ സംബന്ധിച്ചാണ് അന്വേഷണം നടക്കുന്നത്;

(സി) ഏതൊക്കെ പഞ്ചായത്തുകളെ സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) ഏതൊക്കെ പഞ്ചായത്തുകളെ സംബന്ധിച്ച് കോടതിയിൽ കുറ്റപ്പത്രം സമർപ്പിച്ചു?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ മൂന്നും, ആലപ്പുഴ ജില്ലയിൽ രണ്ടും ഉൾപ്പെടെ അഞ്ചു വിജിലൻസ് അന്വേഷണങ്ങൾ നടന്നുവരുന്നു.

(ബി) കൊല്ലം ജില്ലയിലെ ചിതറ, കുളത്തുപ്പുഴ, തൊടിയൂർ, ആലപ്പുഴ ജില്ലയിലെ എഴുപുന്ന, ഭരണിക്കാവ് എന്നീ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചാണ് വിജിലൻസ് അന്വേഷണം നടക്കുന്നത്.

(സി) കൊല്ലം ജില്ലയിലെ തൊടിയൂർ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ആരോപണങ്ങളെ സംബന്ധിച്ച് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

(ഡി) അന്വേഷണം പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly